# 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2901** **25-06-2024 - ൽ മറുപടിയ്ക്ക്**

**നഗരങ്ങളിൽ ചെറുവനങ്ങൾ സൃഷ്ടിക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | നഗരങ്ങളിൽ ചെറുവനങ്ങൾ സൃഷ്ടിക്കുന്ന പദ്ധതി പ്രകാരം കോട്ടയം ജില്ലയിൽ എവിടെയെല്ലാമാണ് നഗരവനങ്ങൾ സൃഷ്ടിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | നഗരങ്ങളിൽ ചെറുവനങ്ങൾ സൃഷ്ടിക്കുന്ന പദ്ധതി പ്രകാരം കോട്ടയം ജില്ലയിൽ എസ്.ഡി കോളേജ്, കാഞ്ഞിരപ്പള്ളി, എസ്.ബി കോളേജ്, ചങ്ങനാശ്ശേരി, ബിഷപ്പ് സ്പീച്ചിലി കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ്, പള്ളം എന്നിവിടങ്ങളിൽ നഗരവനം സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഏതെല്ലാം വൃക്ഷതൈകളാണ് നട്ടുപിടിക്കുന്നതെന്നും അവയുടെ പരിപാലന ചുമതല ആർക്കാണെന്നും വിശദവിവരം നൽകുമോ? | (ബി) | നഗരങ്ങളിൽ ചെറുവനങ്ങൾ സൃഷ്ടിക്കുന്ന പദ്ധതി പ്രകാരം ചുവടെ ചേർത്തിരിക്കുന്ന മരങ്ങൾ, കുറ്റിച്ചെടികൾ, ഫലവൃക്ഷങ്ങൾ എന്നിവയുടെ തൈകളാണ് നട്ടു പിടിപ്പിക്കുന്നത്<br><br>മരവുരി, താന്നി, ആഞ്ഞിലി, കറവേങ്ങ, അകിൽ, പേരാൽ, മാവ്, കമ്പകം, വെള്ളപൈൻ, ചമത, ഭദ്രാക്ഷം, അത്തി, അരയാൽ, മണിമരുത്, ആറ്റുകടമ്പ്, നെല്ലി, അമ്പഴം, കാവാലം, കടുക്ക, മരുത്, കരിമരുത്, ഏഴിലംപാല, വല്ലഭം, കണിക്കൊന്ന, കുടപ്പന, പൂച്ചകടമ്പ്, ആനത്തൊണ്ടി, പുന്ന, പ്ലാവ്, കുന്തിരിക്കം, ചുണ്ടപ്പന, കരിമരം, പനച്ചി, കാര, കുടംപുളി, പൊങ്ങ്, ചെമ്പകം, ഇലഞ്ഞി, കാട്ടുജാതി, കാട്ടുഞ്ഞാറ, നീർമരുത്, കൂവളം, പ്ലാശ്, പൂവരശ്, കാഞ്ഞിരം.<br><br>ഡ്രിപ്പ് ഇറിഗേഷൻ സംവിധാനം ഉൾപ്പെടെ വനം വകുപ്പ് നഗരവനം നിർമ്മിച്ച് ബന്ധപ്പെട്ട സ്ഥാപനങ്ങളെ ഏൽപ്പിക്കുന്നു. ടി നഗരവനങ്ങളുടെ തുടർന്നുള്ള പരിപാലന ചുമതല അതാത് സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. ടി സ്ഥാപനങ്ങളിൽ ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിച്ച് ടി ക്ലബ്ബിൽ അംഗങ്ങൾ ആയിട്ടുള്ളവരാണ് നഗരവനങ്ങൾ പ്രധാനമായും സംരക്ഷിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ